# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3269 21.08.17 ൽ മറുപടിയ്ക്ക്

### നികുതി കുടിശ്ശിക അടയ്ക്കാത്ത അന്തർ സംസ്ഥാന വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. പി.ജെ.ജോസഫ് | | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതിക്കുടിശ്ശിക അടയ്ക്കാതെ, അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | നിലവിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതായ നികുതി അടയ്ക്കാതെ ഒരു വാഹനത്തേയും സംസ്ഥാനത്തിനകത്ത് പ്രവേശിയ്ക്കാൻ അനുവദിയ്ക്കാറില്ല. 01.04.2014 മുതൽ സർക്കാർ അന്യസംസ്ഥാന കോൺട്രാക്റ്റ് ക്യാരേജുകളുടെ നികുതി വർദ്ധിപ്പിച്ചത് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാൽ പ്രസ്തുത വാഹനങ്ങളിൽ നിന്ന് കുറഞ്ഞ നിരക്കിൽ നികുതി സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതിന് അനുവദിച്ചിരുന്നു. എന്നാൽ 21.12.2016 – ലെ ഉത്തരവിലൂടെ സർക്കാർ ഏർപ്പെടുത്തിയ നികുതി വർദ്ധനവ് അംഗീകരിച്ചുകൊണ്ട് ബഹു.ഹൈക്കോടതി അന്തിമ വിധി പ്രഖ്യാപിച്ചതിനാൽ 01.04.2014 മുതൽ 18.07.2016 വരെ സംസ്ഥാനത്തിനകത്ത് പ്രവേശിച്ച അന്യസംസ്ഥാന കോൺട്രാക്റ്റ് കാര്യേജുകളിൽ നിന്ന് ബാക്കി നികുതി കൂടി സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത വിധിയ്ക്കെതിരെ ട്രാവൽ ഓപ്പറേറ്റർമാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിലെ ഇടക്കാല ഉത്തരവിലൂടെ പെറ്റീഷണർമാർക്ക് ഫിനാൻസ് ആക്റ്റ് 2016 പ്രകാരമുള്ള നികുതി അടയ്ക്കുന്നതിന് ബഹു.ഹൈക്കോടതി അനുവാദം നൽകുകയും ചെയ്തു. പ്രസ്തുത അപ്പീലിലെ അന്തിമ വിധി വന്നിട്ടില്ല. ഇടക്കാല ഉത്തരവ് പാലിക്കുന്നതിന് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിക്കുടിശ്ശിക അടയ്ക്കാത്ത എത്ര വാഹനങ്ങൾ പിടിച്ചെടുത്തു ; ഇവയുടെ ഉടമസ്ഥരിൽ നിന്ന് എത്ര രൂപ പിഴയായി ഈടാക്കി; വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | പെറ്റീഷണർമാർക്ക് അനുവദിച്ചിരുന്ന സമയപരിധി 20.07.2017 -ൽ കഴിഞ്ഞതിനാൽ പ്രസ്തുത വാഹനങ്ങളിൽ നിന്ന് ഫിനാൻസ് ആക്ട് 2016 പ്രകാരമുള്ള നികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ നടന്നു വരുന്നു. 01.08.2017 മുതൽ പ്രസ്തുത നികുതി കുടിശ്ശിക അടയ്ക്കാത്ത ഒരു വാഹനത്തേയും ചെക്ക് പോസ്റ്റ് കടത്തിവിടുന്നതല്ല. നികുതിക്കുടിശ്ശിക അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകളിലായി 53,74,800/- രൂപ ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) | മറ്റ് സംസ്ഥാനങ്ങൾ ഈടാക്കുന്ന തരത്തിലുള്ള നികുതി പ്രസ്തുത സർവ്വീസുകൾക്ക് ബാധകമാക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ